**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4618** **29-10-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിയിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് -1 തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച എത്ര അസി. എഞ്ചിനീയർമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ? ഇവരിൽ എത്ര പേർ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ജല അതോറിറ്റിയിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് -1 തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച 161 അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉണ്ട് . ഇതിൽ 121 പേർ ഡിപ്ലോമ ക്വാട്ടയിലും 40 പേർ സർട്ടിഫിക്കറ്റ് ക്വാട്ടയിലും ജോലി ചെയ്യുന്നു. |
| (ബി) | 2021 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ജല അതോറിറ്റിയിൽ നിന്ന് എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ റിട്ടയർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2021 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ജല അതോറിറ്റിയിൽ നിന്ന് 23 അസിസ്റ്റന്റ് എഞ്ചിനീയർമാർ റിട്ടയർ ചെയ്തിട്ടുണ്ട് . |
| (സി) | കേരള ജല അതോറിറ്റിയിൽ നിലവിൽ എത്ര അസി. എഞ്ചിനീയർമാരുടെ ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ? ഈ ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടിയാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?; | (സി) | കേരള ജല അതോറിറ്റിയിൽ നിലവിൽ 24 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുണ്ട് . ഇതിൽ 23 ഒഴിവുകൾ പി.എസ് .സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . 1 ഒഴിവു പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കുറവ് 2024-ൽ കമ്മീഷൻ ചെയ്യേണ്ട ജലജീവൻ മിഷൻ പദ്ധതികളെ ഏതെങ്കിലും തരത്തിൽ ബാധിക്കാൻ സാധ്യതയുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ നിന്നും മറ്റ് ഓഫീസുകളിൽ നിന്നും പുനർവിന്യാസം ചെയ്ത് ജലജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . നിലവിൽ പി.എസ് .സി റാങ്ക് ലിസ്റ്റ് ഇല്ലാത്തതിന്റെ ഭാഗമായി 23 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട് . അടിയന്തിരമായി അസിസ്റ്റന്റ് എഞ്ചിനീയർ അടക്കമുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പി എസ് സി-യോട് ആവശ്യപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ